# പതിനാലാം കേരള നിയമസഭ

## നാലാം സമ്മേളനം

### നക്ഷത്രചിഹ്നമിടാത്ത നിയമസഭ ചോദ്യം നം. 2397- 8/03/2017 - ലെ മറുപടിക്ക്

### 2016-17 സാമ്പത്തിക വർഷത്തെ വാർഷിക പദ്ധതി

**ചോദ്യം** | **ഉത്തരം**

ശ്രീ . വി.എസ്. ശിവകുമാർ

ഡോ. തോമസ് ഐസക്
(ധനകാര്യവും കയറും വകുപ്പുമന്ത്രി)

| | ചോദ്യം | ഉത്തരം |
|---|---|---|
| എ. | 2016-17 സാമ്പത്തിക വർഷത്തെ വാർഷിക പദ്ധതിയിൽ ജനുവരി 31 വരെ എത്ര ശതമാനം തുകയാണ് ചെലവഴിച്ചതെന്ന് വിശദമാക്കാമോ; 2015-16 സാമ്പത്തിക വർഷം വാർഷിക പദ്ധതിയിൽ 2016 ജനുവരി 31വരെ എത്ര ശതമാനം തുകയാണ് ചെലവഴിച്ചതെന്നും വിശദമാക്കാമോ; | 2016-17 സാമ്പത്തിക വർഷത്തെ വാർഷിക പദ്ധതിയിൽ ജനുവരി 31 വരെ 43% തുകയാണ് ചെലവഴിച്ചത്. 2015-16 സാമ്പത്തിക വർഷം വാർഷിക പദ്ധതിയിൽ 2016 ജനുവരി 31വരെ 46% തുകയാണ് ചെലവഴിച്ചത്. |
| ബി | പദ്ധതി വിനിയോഗത്തിൽ കുറവുണ്ടായിട്ടുണ്ടെങ്കിൽ ആയതിനുള്ള കാരണം വിശദമാക്കാമോ? | 2016-17 സാമ്പത്തിക വർഷാരംഭത്തിൽ നിയമസഭ ഇലക്ഷൻ നടക്കുകയും തുടർന്ന് അധികാരമേറ്റ സർക്കാർ പുതുക്കിയ ബഡ്ജറ്റ് അവതരിപ്പിച്ച് വിവിധ വകുപ്പുകൾക്ക് ആവശ്യമായ തുക അനുവദിക്കുകയും ചെയ്യുന്നതിനുണ്ടായ കാലതാമസം പദ്ധതി നിർവഹണത്തെ ബാധിച്ചിട്ടുണ്ട്. കൂടാതെ കേന്ദ്ര സർക്കാരിന്റെ നോട്ടു നിരോധനം മൂലം വിഭവ സമാഹരണത്തിൽ വൻ ഇടിവ് ഉണ്ടായതായി സംസ്ഥാന ആസൂത്രണബോർഡ് നടത്തിയ പഠനത്തിൽ വ്യക്തമാക്കുന്നുണ്ട്. ഇക്കാരണങ്ങളാലാണ് പദ്ധതി വിനിയോഗത്തിൽ കുറവുണ്ടായത്. |

Sreekumar

*സെക്ഷൻ ഓഫീസർ*